# ചരിത്രാന്വേഷണ യാത്രകൾ -III

## കേരളചരിത്രഗവേഷണകൗൺസിൽ (കെ.സി.എച്ച്.ആർ)

പൊതുവിദ്യാഭ്യാസവകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാനത്തെ അപ്പർ പ്രൈമറി, ഹൈസ്ക്കൂൾ
വിദ്യാർത്ഥികൾക്കുവേണ്ടി നടത്തുന്ന അവധിക്കാല ചരിത്രപഠനപരിപാടി, മറുനാടൻ
മലയാളിക്കുട്ടികൾക്കും പങ്കെടുക്കാം

വീട്ടുപേരും മുത്തശ്ശിയുടെയും മുത്തശ്ശന്റെയും ജീവിതകഥയും അന്വേഷണവിഷയങ്ങൾ

## ആശംസ



ആഫ്രോ-അമേരിക്കൻ വംശജനായ ബറാക്ക് ഒബാമയെ 86 ശതമാനം വെള്ളക്കാരായ ഒരു ജനത അധികാരത്തിൽ ഏറ്റിയതിനും, കമ്മ്യൂണിസ്റ്റുകാരെ മലയാളികൾ അധികാരത്തിൽ എത്തിച്ചതിനും തമ്മിൽ സവിശേഷമായ ചില സമാനതകളുണ്ട് എന്ന് തോന്നിയത് ഒബാമയുടെ ആത്മകഥയായ "എന്റെ അച്ഛനിൽ നിന്നുള്ള സ്വപ്നങ്ങൾ" എന്ന പുസ്തകത്തെപ്പറ്റി വായിച്ചപ്പോഴാണ്. തന്റെ കുടുംബചരിത്രം അന്വേഷിക്കുന്നതിലെ ഒബാമ എന്ന ചെറുബാലന്റെ താത്പര്യം അത്ഭുതകരമാണ്. ഈ വർഷത്തെ ചരിത്രാന്വേഷണയാത്രയിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ഒബാമയെപ്പോലെ, ഭൂതകാലത്തെ അപകർഷത കൂടാതെയും തന്റേടത്തോടെയും സമീപിക്കാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു. ശരിയും ശാസ്ത്രീയവുമായ ചരിത്രബോധം ഏതൊരുവ്യക്തിക്കും വലിയമുതൽക്കൂട്ടാണ്. ചരിത്രത്തിൽ നിന്ന് പഠിക്കുന്നവർക്കേ ശരിയായ ചരിത്രനിർമ്മാണത്തിൽ പങ്കാളിയാകാൻ സാധിക്കുകയുള്ളു. ഇന്ന് ചരിത്രത്തിൽ നിന്ന് മാറ്റിനിർത്തപ്പെടുന്ന ജനത ചരിത്രത്തിന്റെ ഹൃദയമായിത്തീരുന്ന സന്ദർഭമാണ് നമ്മളൊക്കെ സ്വപ്നം കാണുന്നത്.

എന്റെ ഗുരുനാഥനായ ഈയിടെ അന്തരിച്ച കെ.പി.അപ്പൻ എഴുതിയ ഒരു പുസ്തകത്തിന്റെ തലക്കെട്ടും നിങ്ങൾക്കുള്ള ആശംസയായി രേഖപ്പെടുത്തുകയാണ് - "ചരിത്രത്തെ നിങ്ങൾക്കൊപ്പം കൂട്ടുക". ഈ ചരിത്രാന്വേഷണയാത്ര, നിങ്ങൾക്ക് നന്മയിലേക്കുള്ള വഴികാട്ടിയാകട്ടെ.

**എം.എ. ബേബി**
വിദ്യാഭ്യാസ-സാംസ്കാരികവകുപ്പ് മന്ത്രി

## ആശംസ



പുതിയ തലമുറയിലെ കുട്ടികൾക്ക് മുതിർന്നവരുമായി ഇടപഴകുവാൻ മുൻകാലത്തെ അപേക്ഷിച്ച് വളരെക്കുറച്ച് അവസരങ്ങളെ ലഭിക്കാറുള്ളു എന്നു തോന്നുന്നു. ജീവിതാവസ്ഥയിൽ വന്ന മാറ്റങ്ങളാണ് ഒരു പ്രധാന കാരണം. മുൻതലമുറകളുടെ ജീവിതാനുഭവ പരിചയം കുട്ടികളുടെ മാനസിക വളർച്ചയിലെ നിർണ്ണായകഘടകമാണ്. സാമൂഹ്യജീവികളായി സ്വയം തിരിച്ചറിയുന്നതിലെ ആദ്യപടിയാണിത്. ഇത്തവണത്തെ ചരിത്രാന്വേഷണയാത്രകൾ കൂടുതൽ ആനന്ദകരവും ചിന്തിക്കുവാൻ അവസരം നൽകുന്നതുമാകട്ടെ എന്ന് ആശംസിക്കുന്നു.

**കെ.എൻ. പണിക്കർ**
ചെയർമാൻ, കെ.സി.എച്ച്.ആർ



## പ്രിയപ്പെട്ട കുട്ടികളോട്,

കഴിഞ്ഞ ചരിത്രാന്വേഷണയാത്രകളിൽ, പ്രാദേശിക ചരിത്രവും പാരിസ്ഥിതിക ചരിത്രവുമായിരുന്നല്ലോ അന്വേഷണ വിഷയങ്ങൾ. കുറച്ചുകൂടി സൂക്ഷ്മതലത്തിൽ സ്വന്തം വേരുകൾ തേടുന്ന രണ്ടു കാര്യങ്ങളാണ് നിങ്ങൾ ഇത്തവണ ചെയ്യേണ്ടത്. ഒന്ന്, വീട്ടുപേരിന്റെ ചരിത്രം അന്വേഷിക്കുക. രണ്ട്, ജീവിച്ചിരിക്കുന്ന ഒരു മുത്തശ്ശിയുടെയോ മുത്തശ്ശന്റെയോ ജീവചരിത്രം തയ്യാറാക്കുക.



### 1. വീട്ടുപേരിന്റെ ചരിത്രം :

കുടുംബപ്പേര്, തറവാട്ടുപേര്, വീട്ടുപേര് എന്നിവ കേരളീയർക്ക് പരിചിതമായ പദങ്ങളാണ്. ഇത് മലയാളി സാമൂഹ്യജീവിതത്തിന്റെ പ്രത്യേകതയായി കരുതുന്ന ചരിത്രകാരന്മാരുണ്ട്. കുട്ടികൾ ഇത്തവണ അന്വേഷിക്കേണ്ടത് തങ്ങളുടെയോ അല്ലെങ്കിൽ പരിചയമുള്ള മറ്റേതെങ്കിലും വീട്ടിന്റെയോ പേരിന്റെ ചരിത്രമാണ്. ചരിത്രത്തിൽ ഒന്നും തന്നെ ശൂന്യതയിൽ നിന്ന് ഉണ്ടാകുന്നില്ല. മറിച്ച്, കാര്യ-കാരണബന്ധങ്ങളും, ജീവിതാനുഭവങ്ങളും, യാദൃച്ഛികതകളും, പാരിസ്ഥിതിക ഘടകങ്ങളും ആശയങ്ങളും ഭാവനയുമൊക്കെ അതിൽ ഉൾച്ചേരും. ഭൂപ്രകൃതിയുടെയും അതിലെ വിളവുകളുടെയും മറ്റും പ്രത്യേകതകൾ, പറമ്പുകളുടെയും തുടർന്ന് അവിടെ പണിയുന്ന വീടുകളുടെയും പേരുകൾക്ക് കാരണമാകാറുണ്ട്. വീട്ടിലെ അംഗങ്ങളുടെ സാമൂഹ്യവും തൊഴിൽപരവും കലാപരവുമായ പ്രത്യേകതകൾ വീട്ടുപേരുകൾക്ക് ജന്മം നൽകിയിരിക്കാം. കുടുംബസ്വത്ത് വീതം വെക്കുന്ന രീതികൾ തറവാട്ടു പേരിന്റെ തുടർച്ച ഉറപ്പുവരുത്തിയിരിക്കാം. വീട്ടിലെ അംഗങ്ങൾ തമ്മിലുള്ള സ്നേഹവായ്പ് വീട്ടുപേരിൽ പ്രതിഫലിച്ചു എന്നുവരാം.

അങ്ങനെ, അങ്ങനെ, എല്ലാ വീട്ടുപേരുകൾക്കും പലതരം വിശദീകരണങ്ങൾ ഉണ്ടാകും. ഇവ ഓരോന്നും കണ്ടെത്തുകയാണ് കുട്ടികൾ ഇത്തവണ ചെയ്യേണ്ട കാര്യങ്ങളിൽ ഒന്ന്.

#### അന്വേഷണ രീതി :

രണ്ടുരീതിയിലാകണം അന്വേഷണം. കുടുംബപ്പേര് പരാമർശിക്കുന്ന പഴയരേഖകൾ, പ്രമാണങ്ങൾ അല്ലെങ്കിൽ സ്ഥലത്തിന്റെയും മറ്റും ആധാരങ്ങൾ തുടങ്ങിയവ കണ്ടെത്തി പരിശോധിക്കുകയാണ് ആദ്യം വേണ്ടത്. മറ്റൊരുരീതി മുതിർന്നവരോട് വീട്ടുപേരിന്റെ വിശദീകരണങ്ങൾ ചോദിച്ചറിയുകയാണ്. ചിലപ്പോൾ തൃപ്തികരമായ ഉത്തരങ്ങൾ ലഭിച്ചില്ല എന്നുവരാം. അത് കാര്യമാക്കണ്ട. അന്വേഷണത്തിന്റെ അടുക്കും ചിട്ടയുമാണ് പ്രധാനം.

#### പഠനറിപ്പോർട്ട് :

വീട്ടുപേരിനെ സംബന്ധിച്ച് ലഭിച്ച വിവരങ്ങൾ ഒരു ചെറു കുറിപ്പായി തയ്യാറാക്കുന്നതാണ് പഠനറിപ്പോർട്ട്. കാര്യമായ വിവരങ്ങൾ ലഭിച്ചില്ലെങ്കിൽപ്പോലും നിങ്ങൾ നടത്തിയ ശ്രമങ്ങൾ വിശദമായ ഒരു കുറിപ്പായി തയ്യാറാക്കിയാലും മതി. റിപ്പോർട്ടുകളുടെ അവസാനം അന്വേഷണത്തിൽ ലഭിച്ച രേഖകൾ, ആധാരങ്ങൾ, തുടങ്ങിയവയുടെ സൂചികയും (സംക്ഷിപ്ത വിവരം) നിങ്ങൾക്ക് കാര്യങ്ങൾ പറഞ്ഞുതന്നവരുടെ പേര്, വയസ്സ്, വിലാസം എന്നിവയും എഴുതിച്ചേർക്കണം.

## ൨. ജീവചരിത്രം :

നിങ്ങളുടെ തന്നെ വീട്ടിലോ അല്ലെങ്കിൽ അന്വേഷണത്തിലോ കണ്ടെത്തുന്ന ഏറെ പ്രായംചെന്ന ഒരു മുത്തശ്ശിയുടെയോ മുത്തശ്ശന്റെയോ ജീവചരിത്രം എഴുതുകയാണ് രണ്ടാമതായി ചെയ്യേണ്ടത്. ഒരു മുതുമുത്തശ്ശിയോ മുതുമുത്തശ്ശനോ ആയാൽ വളരെ നന്ന്.

### അന്വേഷണരീതി :

ഇഷ്ടപ്പെട്ട ഒരു മുത്തശ്ശിയെയോ മുത്തശ്ശനെയോ ജീവചരിത്രരചനക്കായി കണ്ടെത്തിക്കഴിഞ്ഞാൽ, അവരെ സംബന്ധിച്ച രേഖകളും മറ്റുമുണ്ടെങ്കിൽ അവ ചോദിച്ചു വാങ്ങി അവയിലൂടെ അവരുടെ ജീവിതത്തെയും ജീവിതകാലത്തെയും മനസ്സിലാക്കുകയാണ് വേണ്ടത്. വിദ്യാഭ്യാസം നേടിയവരാണെങ്കിൽ, അല്ലെങ്കിൽ തൊഴിൽ ഉള്ളവരായിരുന്നെങ്കിൽ, അവ സംബന്ധിച്ച രേഖകൾ, ഫോട്ടോകൾ ഉണ്ടെങ്കിൽ അവ, ഡയറികൾ, കത്തിടപാടുകൾ തുടങ്ങിയവ ശേഖരിച്ച്, അവയിൽ നിന്നുള്ള കാര്യങ്ങൾ അപ്പപ്പോൾ തന്നെ ഒരു നോട്ട് ബുക്കിൽ എഴുതി സൂക്ഷിക്കണം. ചിലപ്പോൾ ഒരു രേഖയിൽ പോലും പരാമർശിക്കപ്പെടാത്തവരും ഉണ്ടാകാം എന്ന കാര്യം മറക്കണ്ട. രണ്ടാമതായി നിങ്ങൾ തെരഞ്ഞെടുത്ത മുത്തശ്ശിയുടെ/മുത്തശ്ശന്റെ കൂടെയിരുന്ന്, അവരുടെ ജീവിതത്തെപ്പറ്റി ചോദിച്ചറിഞ്ഞ്, ആ കാര്യമെല്ലാം നോട്ട്ബുക്കിൽ രേഖപ്പെടുത്തുകയാണ് വേണ്ടത്. മറ്റൊന്ന്, അവരുടെ സുഹൃത്തുക്കൾ, മക്കൾ, ബന്ധുക്കൾ തുടങ്ങിയവരിൽ നിന്നും കാര്യങ്ങൾ ചോദിച്ചറിഞ്ഞ് നോട്ട് തയ്യാറാക്കണം. ഈ നോട്ടുകളും ആദ്യം ശേഖരിച്ച തെളിവുകളിൽ നിന്നും ലഭിച്ച വിവരങ്ങളും ചേരുംപടി ചേർത്ത് മുത്തശ്ശിയുടെയോ മുത്തശ്ശന്റെയോ ജീവചരിത്രം തയ്യാറാക്കുകയാണ് വേണ്ടത്. ഫോട്ടോയും മറ്റും ഉൾപ്പെടുത്തുന്നതിന് തടസ്സമില്ല. ജീവചരിത്രരചനയുടെ അവസാനം നിങ്ങൾ ഉപയോഗിച്ച രേഖകളുടെ പട്ടിക ചേർക്കണം. മാത്രമല്ല, വിവരങ്ങൾ പറഞ്ഞുതന്ന ആളുകളുടെ പേരുവിവരങ്ങളും ഉൾപ്പെടുത്തണം.

### വഴികാട്ടിയും കൂട്ടായ ചർച്ചകളും :

കഴിഞ്ഞ ചരിത്രാന്വേഷണയാത്രകൾ പോലെ ഒറ്റക്കോ അഞ്ച്പേരിൽ കവിയാത്ത ടീമായോ ഈ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. അതുപോലെ മുതിർന്ന ഒരാളെ വഴികാട്ടിയാക്കി, ആവശ്യമെങ്കിൽ, അവരുടെ/അദ്ദേഹത്തിന്റെ സഹായ നിർദ്ദേശങ്ങൾ സ്വീകരിക്കാവുന്നതാണ്. കൂട്ടായ ചർച്ചകൾക്ക് സമയം കണ്ടെത്തുന്നത് പ്രധാനപ്പെട്ട കാര്യമാണെന്ന് ഓർക്കുക.എല്ലാവർക്കും ഉല്ലാസകരമായ യാത്രാനുഭവങ്ങൾ നേരുന്നു.

പി. ജെ. ചെറിയാൻ
ഡയറക്ടർ, കെ.സി.എച്ച്.ആർ

# Harnessing the Power of Social Science Knowledge

Kerala Council for Historical Research [KCHR] is an autonomous institution committed to scientific research in history and social sciences. Funded by the Ministry of Cultural Affairs, Government of Kerala, KCHR is a recognized research centre of the University of Kerala and has academic affiliations with leading Institutions & Universities inside and outside the country.

KCHR offers doctoral, post-doctoral, internship programmes and short term courses in social theory, research methods, epigraphy and paleography. Research, publication, documentation, training and co-ordination are the major domains of KCHR activities.

KCHR has a well equipped library and research resource centre with a fairly large collection of books on Kerala history and society.

## *Become a friend of KCHR*

Your friendship supports excellence. KCHR hopes to develop into a democratic collective of those concerned with the role of the past in the making of the future. KCHR Friends will be eligible for various privileges and benefits. Institutional, Individual (Annual/Life) & Student Membership available.



*Besides promoting larger research projects at national and international level, KCHR is committed to unearthing the history of Kerala, in terms of its relation with other regions of the world, in different periods. It also undertakes projects to enrich the historical social consciousness.*

- **MUZIRIS HERITAGE PROJECT**
  The inter-disciplinary and multi-seasonal archaeological research undertaken at Pattanam has brought forth tangible evidence towards the identification of the legendary port of Muziris. This path breaking initiative has the potential to rewrite the history of South India as well as the East – West exchanges in the Early Historic Period.
- **DIGITISING KERALA'S PAST**
  The Project offers facilities for preserving photographs, rare books and documents free of cost.
- **BIOGRAPHICAL DOCUMENTATION OF KERALA WOMEN, ADIVASIES AND DALITS**
  An ongoing project for University/College students to document the life and lived experience of the marginal groups.
- **MALAYALI FAMILY HISTORY AND BIOGRAPHY ARCHIVES**
  Documentation of family histories and biographies as source materials to study Kerala Social History.
- **HISTORY OF MALAYALI MIGRATION & MIGRANT COMMUNITIES**
  The project aims to collect, compile and study evidences and lived experience of Malayali migration.
- **ORAL HISTORY PROJECT**
  An initiative to collect compile and publish an Encyclopaedia of Malayalam proverbs and political slogans that emerged in Kerala public sphere.
- **HISTORY WALK – A VACATION PROJECT FOR SCHOOL STUDENTS ACROSS THE STATE**
  A guided tour to the past with the elderly reclaiming history through reminiscences.
- **VILLAGE HISTORIES / PANCHAYATH VIJNANEEYAMS**
  Consultant service is offered to Panchayaths and local cultural organisations for writing their histories and the mapping of historical heritage.




Kerala Council for Historical Research

P.B. No. 839, Vyloppilly Samskriti Bhavan, Nalanda,
Thiruvananthapuram - 3, Telephone/Fax : 0471-2310409/ 6574988
E-Mail :kchrtvm@gmail.com www.keralahistory.ac.in